## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 985** **30.10.2019 ലെ മറുപടി**

### കടൽത്തീര സംരക്ഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ദാസൻ : | | കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കടൽക്ഷോഭം നേരിടുന്ന മേഖലകളിൽ ചെറുപുലിമുട്ടുകളുടെ ശ്രേണി ഉപയോഗിച്ച് അത് ഫലപ്രദമായി നേരിടാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; അറിയിക്കുമോ; | (എ) | സംരക്ഷണഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ സാധാരണയായി CWPRS പൂനെ/ IIT ചെന്നൈയിൽ നിന്നും design ലഭ്യമാക്കി അനുയോജ്യമായ സ്ഥലങ്ങളിൽ കരിങ്കല്ല് ഉപയോഗിച്ചുള്ള കടൽഭിത്തിയും ഗ്രോയിനു-കളുമാണ് നിർമ്മിച്ചു വരുന്നത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | കടൽക്ഷോഭം പോലുള്ളവയിൽ നിന്ന് കടൽത്തീരത്തെ സംരക്ഷിക്കാനുതകുന്ന കരിങ്കൽ സംരക്ഷണഭിത്തിക്ക് ആവശ്യമായ പാറക്കല്ലുകളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി മറ്റ് പോംവഴികൾ അന്വേഷിക്കുന്നുണ്ടോ; വിശദമാക്കാമോ ? | (ബി) | അടുത്ത കാലങ്ങളിൽ ആവശ്യത്തിന് കരിങ്കൽ ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ പരീക്ഷണാടിസ്ഥാനത്തിൽ ജിയോട്യൂബ് ഉപയോഗിച്ചും ഹ്രസ്വകാലാടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോബാഗുകളിൽ മണൽ നിറച്ചും അടിയന്തരമായി കടൽ തീരത്തെ സംരക്ഷിക്കുവാനുള്ള നടപടികൾ എടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ